
ഗവ: ഹയർ സെക്കണ്ടറി സ്കൂൾ മുണ്ടേരി

# കണിക

## THE DIGITAL MAGAZINE 2024-'25



**ലിറ്റിൽ കൈറ്റ്സ്** (2023-'26 Batch)

# ആശംസകൾ

വിവരസാങ്കേതിക വിദ്യ അതിന്റെ ഉന്നതിയിൽ എത്തിയിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ നിത്യജീവിതത്തിന്റെ ഏത് രംഗങ്ങളിലും മുന്നോട്ടുള്ള പ്രയാണത്തിൽ വിവരസാങ്കേതികവിദ്യ കൂടിയേ കഴിയൂ. ഈ ഒരു സാഹചര്യത്തിൽ മുണ്ടേരി ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ "കണിക" എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



- റംലത്ത് ബീബീ പി .കെ

പ്രധാനധ്യാപിക (ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മുണ്ടേരി)



**"കണിക"** ഡിജിറ്റൽ മാസിക പ്രകാശനം ചെയ്യുന്നതിൽ ലിറ്റിൽ കൈറ്റ്സ് 2023-26 ബാച്ച് വിദ്യാർത്ഥികളെ അഭിനന്ദിക്കുന്നു. ഈ മാസിക വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകൾ ലോകത്തേക്ക അവതരിപ്പിക്കുന്ന ഒരു വാതായനമായിരിക്കുമെന്നുറപ്പാണ്. നൂതന ആശയങ്ങൾക്കും സാങ്കേതിക വിദ്യയുടെ ഉജ്ജ്വലമായ ഉപയോഗത്തിനും ഇത് ഒരു നല്ല ഉദാഹരണമാണ്. എല്ലാ കലാകാരന്മാർക്കും എഴുത്തുകാർക്കും മുന്നോട്ടുള്ള യാത്രയ്ക്കായി ഹൃദയംഗമമായ ആശംസകൾ!

- കെ. വേണു

സീനിയർ അസിസ്റ്റന്റ് (ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മുണ്ടേരി)

# എഡിറ്റോറിയൽ ബോർഡ്

### ചീഫ് എഡിറ്റർ

റംലത്ത് ബീബി പി. കെ (ഹെഡ്മിസ്ട്രസ്സ്)

### എഡിറ്റർ

അഭിരാം എ പി

### അസോസിയേറ്റ് എഡിറ്റർ

ആദിഷ് ഡി ബാബു

### അംഗങ്ങൾ

നൂഹ ഷംഷാദ്
അഷ്മിക എൽ ആർ
നിവേദ്യ ആർ പ്രദീപ്

### ഉപദേശക സമിതി

ശ്രീജേഷ് സി
വിലാസിനി ടി വി
മുംതാസ് പി പി
ഖദീജ എം



# വായനാവഴി


Little Kites Cadets (2023-26 Batch)....................5
അഭിമുഖം....................6
വിദ്യാർത്ഥി സമൂഹവും അധ്യാപകരും തമ്മിലുള്ള ബന്ധം: അന്നും ഇന്നും....................8
Artificial Intelligence....................10
گلاب....................12
മാവ്....................13
सुभाषितानि....................14
മണ്ണിന്റെ മഴ....................15
ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ....................16
مكانيات اللغة العربية في الحياة المهنية.................... 17
2018ലെ പ്രളയം....................18
കടവ്....................19
ഒരു തെയ്യക്കൊതി....................20
दिल की सफर....................21
ആസ്വാദനക്കുറിപ്പ് (സാന്ദ്രസൗഹൃതം)....................22
മാറും ഋതുക്കൾ....................23
മായാതെ നിൽക്ക നീ....................24
Through The Window....................25
हिन्दी भाषा और केरल....................26
മയ്യഴിപ്പുഴയുടെ തീരങ്ങളിൽ....................27
ഒരിക്കൽക്കൂടി....................29
'മുറിവു'കൾ....................30
ചിത്രങ്ങളിലൂടെ....................31
പ്രകൃതിയെ സംരക്ഷിക്കാം....................33
ഗാസയിലെ കുഞ്ഞുങ്ങൾ....................34

# GOVT. HIGHER SECONDARY SCHOOL MUNDERI

## LITTLE KITES CADETS (2023-26 BATCH)



1. അഭിരാം എ പി
2. ആദിഷ് ഡി ബാബു
3. അക്ഷര എം പി
4. ആമിന സഹ്റ
5. അനനന്ദ് വി
6. ആര്യ കെ
7. ആര്യപ് വി കെ
8. ആഷിഷ് സി എം
9. ദേവനന്ദ പി
10. ദ്രിഷിത ഷിജു
11. ഫാത്തിമത്ത് നജ
12. ഫുആദ് സെനിൻ സി
13. സിയ ഫാത്തിമ കെ
14. അഷ്മിക എൽ ആർ
15. മിൻഹ ഫാത്തിമ പി
16. മിസ്ഹർ മുനീർ
17. മുഹമ്മദ് യാസീൻ എ കെ
18. മുഹമ്മദ് ഫൈസാൻ പി വി
19. മുഹമ്മദ് സ്വാലിഹ് പി വി
20. മുഹമ്മദ് ഷഹബാൻ
21. മുഹമ്മദ് സമീൽ കെ
22. മുഹമ്മദ് റാസി സി പി
23. നൈനികാരാജ് കെ എൻ
24. നിബുൽ റാം
25. നൂഹ ഷംഷാദ്
26. യാസിർ കെ കെ
27. റിഫ ഫാത്തിമ പി സി കെ
28. റന ഫാത്തിമ ടി കെ
29. സജ ഫാത്തിമ
30. ശിവദേവ് പി
31. സിനാൻ പി
32. സിയാൻ പി കെ
33. ശ്രീനന്ദ് ടി വി
34. ത്രിശന്യ സുനിൽ ഇ പി
35. വിശ്വനാഥ് പി
36. വൈഗ ലക്ഷ്മി കെ
37. വലീദ് എ പി
38. യധുകൃഷ്ണ എം

## KITE MISTRESSES

മുംതാസ് പി പി

ഖദീജ എം

# അഭിമുഖം

**(നിവേദ്യ ആർ പ്രദീപ് IX B, നൂഹ ഷംഷാദ് IX C, അഷ്മിക എൽ ആർ IX D)**

14 വർഷത്തോളം കാലം മുണ്ടേരി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ നിസ്വാർഥമായ സേവനമനുഷ്ഠിച്ച് ഇപ്പോൾ വിരമിക്കുന്ന പ്രിയപ്പെട്ട ഗണിത അധ്യാപിക നിഷ ടീച്ചറുമായി ഒരു അഭിമുഖം.




**ടീച്ചർ ഏത് വർഷം മുതലാണ് ഗവൺമെന്റ് സർവീസിൽ സേവനം ആരംഭിച്ചത്?**

1998ൽ 13 വർഷത്തോളം മലപ്പുറത്ത് അധ്യാപികയായി ഞാൻ ഗവൺമെന്റ് ജോലിക്ക് തുടക്കമിട്ടു. പിന്നീട് 2011 മാർച്ച് മാസം മുണ്ടേരി സ്കൂളിലേക്ക് എത്തി.

**ടീച്ചർ എന്ന ഉദ്യോഗത്തിലേക്ക് എത്തിപ്പെടാൻ ഉണ്ടായ കാരണം?**

ചെറുപ്പത്തിൽ, പഠനകാലഘട്ടങ്ങളിൽ തന്നെ ഏറ്റവും കൂടുതൽ ആഗ്രഹിച്ചിരുന്ന മേഖലയായിരുന്നു അധ്യാപനം എന്നത്. അതുകൊണ്ടാണ് ഒരു അധ്യാപികയായി ഇന്ന് ഞാൻ നിങ്ങളോട് സംവദിക്കുന്നത്.

**അധ്യാപന കാലഘട്ടങ്ങളിൽ ഏറ്റവും സന്തോഷം ഉണ്ടാക്കിയ സംഭവം എന്തായിരുന്നു?**

ഒരുപാട് കാലങ്ങളായി ഗണിതശാസ്ത്ര മേളയിൽ നമ്മളുടെ മാഗസിൻ സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇത്തവണ സംസ്ഥാനത്ത് ഒന്നാം സ്ഥാനവും നേടാൻ സാധിച്ചു. കൂടാതെ ഗണിത പസ്സിലിൽ സ്കൂളിലെ എന്റെ വിദ്യാർത്ഥിയെ സംസ്ഥാന തലത്തിൽ എത്തിക്കാൻ സാധിച്ചു. വിരമിക്കുന്നതിന് മുന്നേ അതിൽ പങ്കാളിയാവാൻ സാധിച്ചതിൽ ഒരുപാട് സന്തോഷം ഉണ്ട്. ഒരു അധ്യാപികയെ വിലയിരുത്താൻ ഏറ്റവും കൂടുതൽ യോഗ്യത ഉള്ളത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമാണ്. അവരിൽ നിന്നും എപ്പോഴും നല്ല അനുഭവങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ.

**ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തോട് എന്താണ് അഭിപ്രായം?**

സ്നേഹിക്കാൻ മടി കാണിക്കാത്ത വിദ്യാർത്ഥി സമൂഹമാണ് ഇന്ന്. കുട്ടികളോട് സ്നേഹത്തോടെ പെരുമാറിയാൽ അവർ തിരിച്ചും സ്നേഹിക്കും. തെറ്റുകൾ കണ്ടാൽ അവ തിരുത്താൻ ഞാൻ പറയാറുണ്ട് എങ്കിൽ പോലും വിദ്യാർത്ഥികൾക്കിടയിൽ നിന്ന് മോശം അനുഭവങ്ങൾ ഉണ്ടായിട്ടില്ല. എവിടെ കണ്ടാലും വന്ന് സംസാരിക്കും..

**സർവീസിൽ തുടരാൻ ആഗ്രഹിക്കുന്നുണ്ടോ?**

ഇല്ല. കാരണം എനിക്ക് അനുവദിച്ച സമയം കഴിഞ്ഞു. ഇനി ഒരു പുതിയ അധ്യാപികയെയാണ് ആവശ്യം.

8 വർഷങ്ങളായി മുണ്ടേരി ഗവ. ഹയർ സെക്കൻന്ററി സ്കൂളിൽ സേവനമനുഷ്ഠിച്ച ജീവശാസ്ത്രം അധ്യാപിക സിന്ധു ടീച്ചറുമായി ഒരു അഭിമുഖം.





**എപ്പോളാണ് ടീച്ചർ മുണ്ടേരി സ്കൂളിൽ അധ്യാപനം ആരംഭിച്ചത്?**

2017 മുതൽ ഞാൻ മുണ്ടേരി സ്കൂളിൽ ജോലി ചെയ്യുകയാണ്.

**ഇതിന് മുൻപ് ടീച്ചർ എവിടെയെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ?**

ഈ സ്കൂളിൽ വരുന്നതിനു മുമ്പേ കണ്ടങ്കാളി സ്കൂൾ പയ്യന്നൂർ, ചേലോറ ഹയർ സെക്കന്ററി സ്കൂൾ, ചട്ടുകപ്പാറ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ, ഇരിക്കൂർ ഹയർ സെക്കന്ററി എന്നിവിടങ്ങളിൽ ജോലി ചെയ്തു. അപ്പോഴാണ് ഇവിടെ ഒഴിവ് വന്നത് പിന്നീട് ഇങ്ങോട്ട് മാറി.

**ഇപ്പോഴത്തെ വിദ്യാർത്ഥികളുടെ മനോഭാവം എന്താണ്?**

പഠനത്തോടുള്ള വിദ്യാർത്ഥികളുടെ താൽപര്യം കുറഞ്ഞു വരുന്നുണ്ട്. അവർ മറ്റു സാമൂഹ്യ മാധ്യമങ്ങളിലേക്കും കൂടുതലായി ഒതുങ്ങി പോവുന്നുണ്ട്.

**അധ്യാപന ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവം?**

അങ്ങനെ ഒരു അനുഭവം മാത്രം മറക്കാനാവാത്തതായി ഇല്ല. ഒരുപാട് നല്ല ഓർമ്മകൾ സമ്മാനിച്ച സ്കൂളാണിത്. ഞാൻ ഇവിടെ എത്തിച്ചേർന്ന വർഷത്തിലാണ് സ്കൂൾ ഇന്റർനാഷണൽ സ്കൂളായി മാറാനുള്ള പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തുടങ്ങിയത്. അത് വളരെ സന്തോഷം നൽകിയ ഒരു കാര്യമാണ്..

**അധ്യാപനത്തിൽ എപ്പോഴെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ?**

ഉണ്ട്. കൊറോണക്കാലത്ത് വിദ്യാർത്ഥികളെ നേരിട്ട് സംവദിക്കാൻ പറ്റാത്തത് ഒരു വലിയ ബുദ്ധിമുട്ടായിരുന്നു. വേറെ ബുദ്ധിമുട്ടുകളൊന്നും ഇല്ല.

**എന്താണ് വിരമിക്കുന്ന ഈ അവസരത്തിൽ ഞങ്ങൾ വിദ്യാർത്ഥികളോട് പറയാനുള്ളത്?**

പഠിച്ച് നല്ലൊരു നിലയിൽ എത്തുക. എത്ര ഉയരങ്ങളിൽ എത്തിയാലും പഠിപ്പിച്ച അധ്യാപകരെ മറക്കാതിരിക്കുക. അത്ര മാത്രം.


# വിദ്യാർത്ഥി സമൂഹവും അധ്യാപകരും തമ്മിലുള്ള ബന്ധം: അന്നും ഇന്നും

ഒരു കുട്ടിയുടെ ജീവിതത്തിൽ അവൻ പിച്ചവച്ച് തുടങ്ങിയ വീടിനേയും അവനെ സംസാരിക്കാൻ പഠിപ്പിച്ച മാതാ-പിതാക്കളേക്കാളും അവൻ കണ്ടത് വിദ്യാലയത്തേയും അവിടെ അറിവ് പകരുന്ന വിളക്കായ് തെളിഞ്ഞു നിൽക്കുന്ന അദ്ധ്യാപകരേയുമാണ്.

പണ്ട് കാലത്ത് നിലനിന്നിരുന്നതിൽ നിന്നും വളരെ വ്യത്യസ്തം തന്നെയാണ് ഇന്ന് നാം കാണുന്നതും കൂടെ അനുഭവിക്കുന്നതുമായ വിദ്യാർത്ഥി-അധ്യാപക ബന്ധം. നമ്മുടെ മുതിർന്നവരിൽ നിന്നും നാം കൂടുതലായും കേട്ടിരുന്നത് വഴക്കുപറയലും മറ്റുമായി, ഒരു വിദ്യാർത്ഥിയുടെ മനസ്സിൽ പേടിയുണർത്തുന്ന  ചിലരാണ് അധ്യാപകർ എന്നായിരിക്കാം. എങ്കിൽ കൂടിയും അന്നും ഇന്നും വിദ്യാർത്ഥിയുടെ പോരായ്മകളെ കണ്ടെത്തി അവരിലെ തെറ്റുകളെ തിരുത്തി അവന്റെ മനസ്സിൽ തനിക്ക് താൽപര്യമുള്ള വിഭാഗത്തിൽ കഴിവ് തെളിയിക്കുന്നതിനായി അവനെ പ്രാപ്തനാക്കുക എന്നതു മാത്രമാണ്,  ഓരോ നല്ല അധ്യാപകന്റെയും ആഗ്രഹം.

ഇന്നത്തെ കാലത്ത് അധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ രണ്ട് സുഹൃത്തുക്കൾ തമ്മിലുള്ള ബന്ധമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. നമ്മുടെ ഏത് പ്രശ്നങ്ങളും നമുക്ക് അവരുമായി സംസാരിക്കുവാനും പങ്കുവയ്ക്കുവാനും സാധിക്കുന്നു. ഏതൊരു കുട്ടിയുടേയും മനസ്സിലുള്ള സങ്കടത്തെ ചിലപ്പോഴൊക്കെ മാതാ-പിതാക്കളേക്കാൾ കൂടുതൽ മനസ്സിലാക്കുന്നത് അധ്യാപകരാണ്. ഏതൊരു പ്രശ്നത്തേയും ധൈര്യത്തോടെ നേരിടാൻ അധ്യാപകർ വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകുന്നു.

ശിക്ഷാരീതിയിലൂടെ വിദ്യാഭ്യാസത്തെ മാറ്റി നിർത്തി വിദ്യാർത്ഥകളോടു സ്നേഹത്തോടെ സംവാദിച്ച്, അവർക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ പഠനത്തെ ആസ്വാദ്യമാക്കിത്തീക്കുകയാണ് നമ്മുടെ അധ്യാപകർ. ഇങ്ങനെയൊക്കെയുമായി തീർന്നിട്ടും, തെറ്റും ശരിയും മനസ്സിലാക്കാതെ വിദ്യാർത്ഥികൾ അധ്യാപകരെ വിമർശിക്കുകയും അപൂർവ്വം ചിലർ അധ്യാപകർക്കു നേരെ കൈയ്യുയർത്തുകയും ചെയ്യുന്ന വളരെ വേദനാജനകമായ  ഒരു കാഴ്ച നമുക്കിന്ന് സമൂഹത്തിൽ  കാണാം. 'അധ്യാപകൻ ' എന്ന സ്ഥാനത്തേയും അതിന്റെ മഹത്വത്തേയും , തീരെ മനസ്സിലാക്കാത്തവരിൽ നിന്ന് മാത്രമേ നമുക്ക്  അത്തരത്തിലുള്ള അങ്ങേയറ്റം തെറ്റായ ഇടപെടലുകൾ കാണുവാൻ സാധിക്കുകയുള്ളൂ.


*എനിക്ക് ഇന്നത്തെ സമൂഹത്തോട് പറയാനുള്ളതും ഇത്രമാത്രം-മാതാവും പിതാവും കഴിഞ്ഞാൽ, ദൈവത്തെക്കാൾ മുൻപുള്ള സ്ഥാനം ഗുരു അഥവാ അധ്യാപകർക്കാണ്. 'തെറ്റ്' അത് നമ്മുടെ ഭാഗത്താണെങ്കിൽ ,അധ്യാപകരുടെ നിർദ്ദേശാനുസരണം അതിനെ മനസ്സിലാക്കി , ആ തെറ്റിനെ തിരുത്താൻ , നാം ഓരോ വിദ്യാത്ഥികൾക്കും സാധിക്കണം. അന്ധകാരത്തിൽ വിളക്കായ് തെളിഞ്ഞ് പ്രകാശം പരത്തുന്ന 'അധ്യാപകരെ' അറിവില്ലായ്മ കാരണം ഊതി കെടുത്തിയാൽ, നാം തന്നെയാവും ആ ഇരുട്ടിൽ വഴിയറിയാതെ നിന്നു പോവുക അത്തരമൊരു അവസ്ഥയിൽ നാം ആരും തന്നെ പെട്ടുപോവരുത്. തെറ്റിനെ തിരുത്തി ,നന്മയെ പകർന്നു നൽകാൻ ഓരോ അധ്യാപകനും , അതു മനസ്സിലാക്കി അതിനെ പിൻതുടരുവാൻ ഓരോ വിദ്യാർത്ഥിക്കും സാധിക്കട്ടെ.*

***ഗീതു പ്രദീപ് - X D***

## ARTIFICIAL INTELLIGENCE




Artificial Intelligence (AI) refers to the simulation of human intelligence in machines that are programmed to think and act like humans. AI encompasses a broad range of technologies, from the simplest algorithms to complex systems capable of performing reasoning, perception, language processing, decision-making, and problem-solving.

The development of AI aims to create systems that can mimic human cognitive functions, such as learning, recognizing patterns, understanding speech, and making decisions.

AI can be categorized into three broad types based on its capabilities:

1. Artificial Narrow Intelligence (ANI): Also known as weak AI, ANI refers to AI systems designed to perform specific tasks.

2. Artificial General Intelligence (AGI): AGI, often referred to as strong AI, has the capability to perform any intellectual task that a human being can.

3. Artificial Superintelligence (ASI): ASI refers to a hypothetical AI that surpasses human intelligence in all aspects, including creativity, problem-solving, and decision-making.

Machine Learning (ML)

Machine Learning is a subset of AI that focuses on algorithms and statistical models. It allows computers to learn from and make predictions or decisions based on data.

Natural Language Processing (NLP)

Natural Language Processing (NLP) is the field of AI that deals with the interaction between computers and human language.

Robotics

Robotics involves creating intelligent machines that can perform physical tasks autonomously or semi-autonomously.

AI provides real-time insights through predictive analytics, helping authorities make informed decisions quickly. For example, AI-powered early warning systems can alert communities of impending floods or hurricanes, saving lives and reducing damage.

AI is revolutionizing healthcare through advancements in medical imaging, diagnostics, personalized treatment, and drug discovery. AI models can analyse medical images to detect conditions such as tumors or retinal diseases, while machine learning is used to predict patient outcomes and recommend tailored treatment plans.

In finance, AI is used for fraud detection, algorithmic trading, and credit scoring. AI systems can process vast amounts of financial data to identify anomalies or trends, helping financial institutions make faster and more accurate decisions.

In transportation, self-driving cars powered by AI are poised to reshape the transportation industry. AI allows autonomous vehicles to navigate obstacles and make real-time decisions. AI is also used in optimizing logistics and traffic management systems to improve efficiency.

AI-powered tools can provide personalized learning experiences for students by adapting to their learning pace and style. Instructors can use AI to assess student performance and provide targeted interventions. AI chatbots and virtual tutors are also helping students with their academic inquiries.

In entertainment and media, AI has had a profound impact on the entertainment industry. It is used to recommend music, movies, and TV shows on streaming platforms like Netflix and Spotify. AI-generated content, including music and visual art, is also emerging, pushing the boundaries of creative expression.

Sreehari K - VIII D

# گلاب


کانٹوں پر کھلتی، کانٹوں پہ بنتی
کتنی خوشی سے رہتی ہے تو

کتنا حسین چمپا یہ تیرا
کتنا دلکش نظارہ یہ تیرا

اے انسان دیکھو اس کو
اس کا خوش رہ دیکھو


کھلنا ہنسا اس نے سیکھا
خوشبو دنیا میں پھیلانا

کانٹوں پہ کھلتی، کانٹوں پہ بنتی
کتنی خوشی سے رہتی ہے تو
کتنی خوشی سے رہتی ہے تو



**Hiranmay – VIII C**

# മാവ്



ഈ കഥ നിങ്ങളിൽ മരങ്ങളുടെ പ്രാധാന്യത്തിന്റെ കൂടുതൽ അറിവ് നൽകും. ഇത് ഒരു വികൃതി കുട്ടിയായ അപ്പുണ്ണിയുടെയും ഒരു മാവിന്റെയും കഥയാണ്. വെളുത്തമുഖവും, കൂട്ടുകാരോടൊപ്പം വയലിലൊക്കെ കളിച്ച വളർന്ന ഒരു ഗ്രാമീണചെറുക്കനാണ് അപ്പുണ്ണി, അവനെ എല്ലാവരും അപ്പു എന്നാണ് വിളിക്കാറ്. മൂന്നാംക്ലാസിലാണ് പഠനം. വികൃതി ചെറുക്കലാണെങ്കിലും അവന്റെ ഉള്ളിലുള്ള മനസ്സ് ദയാലുവാണ്.

അപ്പോൾ മാവ് എന്ന് കഥയ്ക്ക് തലക്കെട്ട് കൊടുത്തത് എന്തിനാ എന്ന് നിങ്ങൾ അലോചിക്കുന്നുണ്ടൊ? ഇതാ കേട്ടോളൂ......അവന്റെ വീടിന്റെ കുറച്ച അടുത്ത് ഒരു സൗന്ദര്യവും ആരോഗ്യവുമുള്ള മാവ് ഉണ്ടായിരുന്നു. അതിൽ എല്ലാ വർഷവും നല്ല മധുരമുള്ള മാങ്ങയാവും അതുകഴിക്കാൻ അപ്പുവിന് വളരെ ഇഷ്ടമാണ്, ഇതു കേൾക്കുമ്പോൾ തന്നെ വായിൽ വെള്ളം വരുന്നില്ലേ?

അവന് ആ മാവ് ഒരു കൂട്ടുകാരനെ പോലെയാണ്. ഏല്ലാ ദിവസവും എന്തെങ്കിലും മാവിനോട് സംസാരിക്കും. പക്ഷേ ഒരു ദിവസം അതു മുറിച്ച കളയാൻ തീരുമാനിച്ചു. അതു നാട്ടുകാർക്കും പ്രശ്നമായി തുടങ്ങി. അവിടെ ആ ഒരു സ്ഥലത്ത് ആരും വൃത്തിയാക്കാൻ പോകാറില്ല. അങ്ങനെ ചപ്പുകൾ കൂടിനിന്ന് അവിടെ ആകെ വൃത്തികേടായി പിന്നെ രോഗങ്ങൾ ബാധിക്കാൻ തുടങ്ങി ഇതു കേട്ടപ്പോൾ അപ്പു കരഞ്ഞു കൊണ്ട് അവരോട് മുറിക്കല്ലെ എന്ന് പറഞ്ഞു. നാട്ടുകാർ കേട്ടതായി ഭാവിച്ചില്ല .അപ്പു അന്ന് രാത്രി ദൈവത്തിനോടു കരഞ്ഞു പ്രാർത്ഥിച്ചു. പിറ്റേന്ന് അവിടെ ഒരു വലിയ കൊടുങ്കാറ്റ് വീശി ഗ്രാമം ആകെ തകർന്നു. ഭക്ഷിക്കാൻ ഒന്നുമില്ല. അപ്പു നോക്കിയപ്പോൾ മാവ് അവിടെത്തന്നെയുണ്ടായിരുന്നു . ഇതുകണ്ട നാട്ടുകാർ അതിശയിച്ചുപോയി . നാട്ടുകാർ മാങ്ങ ആർത്തിയോടെ കഴിച്ചു. പിന്നെ ഇവർ ഈ മാവിനെ മുറിച്ച കളയില്ല എന്ന് തീരുമാനിച്ചു. ഒപ്പം അതിന്റെ ചുറ്റുപാടുകളും വൃത്തിയാക്കാൻ തുടങ്ങി. ഇതിൽ അപ്പുവിനാണ് കൂടുതൽ സന്തോഷമായത്. അവൻ മാവ് ഉള്ള സ്ഥലത്ത് പോയപ്പോൾ ആരോ "നന്ദി" എന്ന് പറയുന്നത് അവൻ കേട്ടു ഈ ഒരു കഥയിൽ പ്രകൃതിയും ഒരു കൊച്ചു ചെറുക്കനുമാണ് നാട്ടുകാർക്ക് പാഠം പഠിപ്പിച്ചുകൊടുക്കുന്നത്.

**ജസ കെ. എം. - VIII C**

# सुभाषितानि

भाषासु मधुरा मुख्या

दिव्या गीर्वाणभारती ।

तस्यां हि काव्यं मधुरं

तत्रापि च सुभाषितम् ॥

सर्वे भवन्तु सुखिनः

सर्वे सन्तु निरामयः ।

सर्वे भद्राणि पश्यन्तु

मा कश्चित् दुःखभाग्भवेत् ॥

परोपकाराय फलन्ति वृक्षाः

परोपकाराय दुहन्ति गावः ।

परोपकाराय वहन्ति नद्यः

परोपकारायिदं शरीरम् ॥

जलविन्दुनिपातेन

क्रमशः पूर्यते घटः ।

तथैव सर्वविद्यानां

धर्मस्य च धनस्य च ॥

# മണ്ണിന്റെ മഴ



മഴ മഴ മഴ വരുന്നുണ്ടേ
ഓടിച്ചാടി വരുന്നുണ്ടേ
ഓരോ തുള്ളിയും മണ്ണിൽ വീണ്
മണ്ണിന് കൂട്ടായ് മാറുന്നേ
മഴയുടെ കൂടെ കൂടാനായ്
ഇടിയും മിന്നലുമുണ്ടല്ലോ.
ഭൂമിക്ക് കുളിർമ്മയേകാൻ വേണ്ടി
മഴയും കൂട്ടരുമുണ്ടല്ലോ.

**Hiranmay – VIII C**

# ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ

യുദ്ധമെന്ന സാമൂഹ്യവിപത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ ആ കാലഘട്ടത്തിലെ ജീവിതത്തിന്റെ നേർച്ചിത്രമായി പരിണമിക്കുന്നു. ഫാസിസം ഒരു ജനതയുടെ ജീവിതം സങ്കീർണ്ണമാക്കിത്തീർക്കുന്നതിന്റെ ഉദാഹരണങ്ങൾ ആനിന്റെ കുറിപ്പുകളിൽ കാണാം. യുദ്ധം, ഫാസിസം, മുതലാളിത്തം എന്നിവ ഒരു ജനതയുടെ ജീവിതത്തെ നരകസമാനമാക്കുന്നത് ഒരു പതിമൂന്നുകാരിയുടെ നിഷ്കളങ്കമെങ്കിലും ജനമനസുകളിൽ വേദന ഉണർത്തുന്ന എഴുത്ത് ഈ കൃതിയിൽ കാണാം. അതുകൊണ്ട്തന്നെയാവണം ലോക ഭാഷകളിലേക്കെല്ലാം ഈ കൃതി വിവർത്തനം ചെയ്യപ്പെട്ടത്. ലോക ഇന്ത്യൻ രാഷ്ട്രീയ സാഹചര്യങ്ങളിൽ ഇന്നും ഈ കുറിപ്പുകൾ പ്രസക്തമായിത്തീരുന്നു. യുദ്ധം, വെറുപ്പിന്റെ രാഷ്ട്രീയം, അന്യവൽക്കരണം, വംശവിദ്വേഷങ്ങൾ എന്നിവയുടെ അന്തിമ ഇരകൾ ദുർബലരും കുട്ടികളുമാണെന്ന് ഈ ഗ്രന്ഥം നിരീക്ഷിക്കുന്നു. ഫാസിസത്തിന്റെ പറഞ്ഞറിയിക്കാനാവാത്ത കെടുതികൾക്കിടയിൽ ലോകവായനക്കാർക്കും മനുഷ്യസ്നേഹികൾക്കും കിട്ടിയ അമൂല്യസമ്മാനമായി ആനിനേയും കുറിപ്പുളേയും നമുക്ക് കാണാം.

ആൻഫ്രാങ്ക് എന്ന ജർമ്മൻ ജൂതപ്പെൺകുട്ടിയുടെ ഡയറി ലോകത്തെ പിടിച്ചുലയ്ക്കുകയും മാനവികതയുടെ സന്ദേശം ഊന്നിയുറപ്പിക്കുകയും ചെയ്തിട്ട് ഇന്നേക്ക് ഏകദേശം എഴുപതോളം വർഷം കഴിഞ്ഞിരിക്കുന്നു. ഫാസിസവും, മുതലാളിത്തവും കൈകോർത്താലുണ്ടാവുന്ന 'യുദ്ധം' എന്ന വൻവിപത്തിനെതിരേയും ലോകസാഹിത്യത്തിൽ എഴുതപ്പെട്ട മികച്ച കൃതിയാണ് ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ, യുദ്ധത്തിന് നടുവിൽ അതിന്റെ കെടുതികളും, പറഞ്ഞറിയിക്കാനാവാത്ത വറുതിയും, ഏകാന്തതയും ഒളിവുജീവിതവുമെല്ലാം അനുഭവിച്ച ഒരു ജൂതപ്പെൺകുട്ടിയുടെ അനുഭവനേർച്ചിത്രങ്ങളാണ് ഈ പുസ്തകത്തിന്റെ ഏടുകളെ മനോഹരമാക്കുന്നത്. അതിനാൽത്തന്നെയാകണം വിമർശക ശ്രദ്ധയും, വായനക്കാരുടെ ശ്രദ്ധയും പിടിച്ചുപറ്റി ഈ കൃതി പിൽക്കാലത്ത് ലോക ക്ലാസിക്കായി അംഗീകരിക്കപ്പെട്ടത്.

ഫാസിസത്തിന്റെ അനുഭവചിത്രങ്ങളാണ് ഇതിലെ വരികളും ചിന്തകളുമെന്നതിനാൽ മാനവികതയുടെ പാഠപുസ്തകമായി ഈ അതുല്യ കൃതിയെ വാഴ്ത്താം, ആനിന് പിന്നീട് എന്ത്പറ്റി എന്ന അന്വേഷണം പലരും നടത്തിയിട്ടുണ്ട്. ആ കുടുംബം പലയിടത്തായി ചിന്നിച്ചിതറപ്പെട്ട് ഫാസിസ്റ്റുകരങ്ങളാൽ പിച്ചിച്ചീന്തപ്പെടുകയായിരുന്നു എന്ന യാഥാർഥ്യം ഒരു നൊമ്പരമായി വായനാഹൃദയങ്ങളെ നീറ്റുക തന്നെ ചെയ്യും.

**നിവേദ്യ ആർ പ്രദീപ് - IX B**

# مكانيات اللغة العربية في الحياة المهنية

# Possibilities of Arabic language in career

في عالم مترابط بشكل متزايد، تعد القدرة على التواصل عبر الثقافات واللغات من الأصول القيمة في أي مهنة. إحدى اللغات التي تتمتع بإمكانات هائلة للنمو الوظيفي هي اللغة العربية. يتحدث بها ملايين الأشخاص في جميع أنحاء الشرق الأوسط وشمال إفريقيا، ولا تعد اللغة العربية كنزًا لغويًا فحسب، بل إنها أيضًا بوابة إلى عالم من الفرص المهنية. في هذه المقالة، سوف نستكشف الفوائد العديدة لتعلم اللغة العربية لمهنتك

اللغة العربية هي اللغة الرسمية في 26 دولة، بما في ذلك بعض أسرع الاقتصادات نموًا في العالم مثل المملكة العربية السعودية والإمارات العربية المتحدة وقطر. من خلال تعلم اللغة العربية، تفتح الباب أمام هذه الأسواق الغنية بالفرص في مختلف الصناعات، بما في ذلك النفط والغاز والتمويل والسياحة والتكنولوجيا. تبحث الشركات باستمرار عن محترفين يمكنهم سد الفجوات الثقافية والتنقل في عالم الأعمال الناطق باللغة العربية

في عصر العولمة، يعد التواصل الفعال أمرًا بالغ الأهمية. يتيح لك تعلم اللغة العربية التواصل مع الزملاء والعملاء والشركاء الناطقين باللغة العربية، مما يعزز العلاقات القوية ويعزز التعاون على الساحة العالمية. إن القدرة على التحدث باللغة الأم تُظهر الاحترام للثقافة ويمكن أن تكون ميزة كبيرة في المفاوضات والمعاملات التجارية

في سوق العمل العالمية اليوم، يعد تعلم اللغة العربية خطوة استراتيجية في حياتك المهنية توفر العديد من الفوائد. فهي تمنحك القدرة على الوصول إلى الأسواق المزدهرة، وتعزز التواصل العالمي، وتجعلك متميزًا عن المنافسين. علاوة على ذلك، فإنها تفتح الأبواب أمام فرص وظيفية متنوعة وتعزز النمو الشخصي والتفاهم الثقافي. سواء كنت تهدف إلى العمل في مجال الأعمال أو الدبلوماسية أو الترجمة أو ببساطة إثراء حياتك، فإن الاستثمار في تعلم اللغة العربية يمكن أن يكون بمثابة عامل تغيير لحياتك المهنية وتطورك الشخصي. لذا، لماذا الانتظار؟ ابدأ رحلتك في اللغة العربية اليوم وافتح عالمًا من الاحتمالات

**Rasmina**
**HST Arabic**

# 2018ലെ പ്രളയം

2018ലാണ് പ്രളയം വന്നത്. ആ നാശത്തിന് പിറകിൽ നമ്മൾ മനുഷ്യരാണ്. പണ്ടുകാലത്ത് മനുഷ്യർ പറഞ്ഞിരുന്നത് പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച നാടാണ് നമ്മുടെ കേരളം എന്നാണ്. ഇപ്പോഴത്തെ മനുഷ്യർ പ്രകൃതിയെ ഒന്നൊന്നായി നശിപ്പിക്കുകയാണ്. കാവുകളും പുഴകളും തോടുകളും വയലുകളുമെല്ലാം മണ്ണിട്ട് നികത്തി ഫ്ലാറ്റുകളും ഫാക്ടറികളും വീടുകളും പണിതു. മരങ്ങൾ വെട്ടി നശിപ്പിച്ചു. അതുമൂലം മണ്ണൊലിപ്പ് ഉണ്ടാവുകയും പുഴകൾ ദിശമാറി ഒഴുകുകയും ചെയ്തു.

രക്ഷാപ്രവർത്തകർ അവിടെയെത്തി മനുഷ്യരേയും മൃഗങ്ങളേയും സുരക്ഷിതസ്ഥാനത്ത് എത്തിച്ചു.

ഭൂമിയിപ്പോൾ തിളച്ചുപൊങ്ങുന്ന അഗ്നിപോലെയാണ് പ്രകൃതിയെ അത്രമാത്രാം മനുഷ്യർ ദ്രോഹിച്ചിട്ടുണ്ട് . ഇനിയെങ്കിലും നമ്മൾ പ്രകൃതിയെ സ്വന്തം അമ്മയെ പോലെ സ്നേഹിക്കുക, എന്നാൽ നമുക്ക് ഒരാപത്തും ഉണ്ടാവുകയില്ല.



**ഷിയോണ വി - VIII C**

# കടവ്

കവിത

കനവിലേക്കുള്ള യാത്രയിൽ,
കടവ് തേടിയലഞ്ഞതും
കടത്തു തോണി കണ്ടതും
കനിവ് നിന്നിലുണർന്നതും
കനവ് തന്നെ തോന്നി.

കനവിലൊരു കനലെരിഞ്ഞമർന്നതും
കടത്തു തോണിയുലഞ്ഞതും
കരളിനകം കരിഞ്ഞതും
കനവ് തന്നെ തോന്നി.

കനവ് തീരുംമുമ്പേ
കൈ വിടർത്തിയകന്നതും
നിഴലൊതുക്കി മറഞ്ഞതും
കടവ് മാത്രമൊഴിഞ്ഞതും
കനവ് തന്നെ തോന്നി.

**നിത്യ പി**
HST MALAYALAM

# ഒരു തെയ്യക്കൊതി (കഥ)



കേവലം 10 വയസ്സ് മാത്രം പ്രായമുള്ള ഒരു ബാലൻ പേര് ചന്തു, താമസം മലപ്പുറം ജില്ല. അങ്ങനെയിരിക്കെ അവന്റെ ക്ലാസ്സിലേക്ക് ഒരു പുതിയ കുട്ടി വന്നു. അവന്റെ പേര് കുട്ടൻ എന്നാണ്. താമസം കണ്ണൂരായിരുന്നു. അച്ഛന്റെ ജോലി പ്രമാണിച്ചാണ് കുട്ടനും അമ്മയും മലപ്പുറത്തേക്ക്  വന്നത്. കുട്ടനും ചന്തുവും വളരെ പെട്ടെന്നുതന്നെ ചങ്ങാതിമാരായി. കുട്ടൻ ചന്തുവിനോട് കണ്ണൂരിനെ കുറിച്ചൊക്കെ പറയുന്ന കൂട്ടത്തിലാണ് തെയ്യം എന്ന അനുഷ്ഠാന കലയെ കുറിച്ച് പറയാനിടയായത്. അവന് അതിനെ പറ്റി കേൾക്കാൻ നല്ല താല്പര്യമുണ്ടായിരുന്നു. അങ്ങനെയിരിക്കെ മലയാളം ടീച്ചർ  ഇഷ്ടപ്പെട്ട ഒരു കലാരൂപത്തെ പറ്റി ഒരു കുറിപ്പ് തയ്യാറാക്കി കൊണ്ടുവരാൻ പറഞ്ഞു. പിറ്റേന്ന് രാവിലെ മലയാളം ടീച്ചർ ക്ലാസ്സിൽ വന്നു. ഇന്നലത്തെ ഗ്രഹപാഠം എഴുതിയോ? കുട്ടികൾ എല്ലാവരും ആ എന്ന് ഒരേ സ്വരത്തിൽ മൂളി. ടീച്ചർ പറഞ്ഞു കുട്ടൻ വായിക്കു, ഞാൻ തെയ്യത്തെ കുറിച്ചാണ് എഴുതിയിരിക്കുന്നത്. വടക്കൻ മലബാറിലെ ഒരു അനുഷ്ഠാന കലയാണ് തെയ്യം. പ്രത്യേകിച്ച് കണ്ണൂർ ജില്ല, ഈ ജില്ലയെ പറ്റി പറയുമ്പോൾ ഒരു കാര്യം പറയാതിരിക്കാൻ പറ്റില്ല. കണ്ണൂരുകാരുടെ സ്വന്തം മുത്തപ്പന്റെ പ്രസിദ്ധമായ ക്ഷേത്രം പറശ്ശിനിക്കടവ് ശ്രീമുത്തപ്പൻ ക്ഷേത്രം. ഇതൊക്കെ കേട്ടപ്പോൾ ചന്തുവിന് കൂടുതലാവേശമായി. കുട്ടന്റെ കുറിപ്പ് അങ്ങനെ നീണ്ടുപോയി. ചന്തുവിന്റെ മനസ്സിൽ തെയ്യത്തെ കാണണമെന്നുള്ള ആഗ്രഹം വളർന്നുവന്നു. ഇത് അച്ഛനോടും അമ്മയോടും സൂചിപ്പിച്ചു. ചന്തുവിന്റെ ആഗ്രഹം സാധിച്ചു കൊടുക്കണമെന്ന് അവന്റെ അച്ഛനും അമ്മയും തീരുമാനിച്ചു. അടുത്ത വർഷം തെയ്യക്കാലത്ത് കണ്ണൂരിൽ പോകണമെന്നും കുറച്ചു ദിവസം അവിടെ താമസിച്ച് എല്ലാം കാണണമെന്നും അവർ ചന്തുവിനോട് പറഞ്ഞു. ഇത് കേട്ട് ചന്തു സന്തോഷവാനായി.

**അവന്തിക എൻ - IX B**

# दिल की सफर

जिंदगी की राहों पर
कोई न कोई चाहिए
सुरीली गीत जैसा
नाजुक बर्फ जैसा
ठंडी पवन जैसा
जमकर बरसनेवाली बारिश जैसा
चाहिए
जिंदगी जिंदगी बनानेवाला चाहिए

इम्तिहान बनानेवाला नहीं
कहाँ ढूंढे......

दिल की सफर जारी है....

**AMRUTHA KRISHNAN T**
**HST HINDI**

# ആസ്വാദനക്കുറിപ്പ്

**സാന്ദ്രസൗഹൃദം**

രാമപുരത്ത് വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന കവിതയിൽ നിന്നും എടുത്ത ഒരു ഭാഗമാണ് "സാന്ദ്രസൗഹൃദം". ഈ കവിതയിൽ കൃഷ്ണനും കുചേലനും ഒരുമിച്ച് കഴിഞ്ഞ ഗുരുകുലവാസത്തിന്റെ കുറച്ച് ഓർമ്മകളാണ് പങ്കുവയ്ക്കുന്നത്. തന്റെ ദാരിദ്ര്യത്താലും ഭാര്യയുടെ സമ്മർദ്ധത്താലും കൃഷ്ണനെ കാണാൻ വരുകയാണ് കുചേലൻ. തന്റെ സുഹൃത്തിന് കൊടുക്കാൻ കുചേലന്റെ കയ്യിൽ ആകെ ഉണ്ടായിരുന്നത് ഒരു അവിൽ പൊതിയാണ് അതും കൊണ്ട് വന്ന കുചേലനെ കണ്ടപ്പോൾ കൃഷ്ണനുണ്ടായ ഓർമ്മൾ ആണ് ഈ വരികൾ. ഗുരുകുല വാസത്തിനായി രണ്ടു പേരും എത്തിയപ്പോൾ സന്ദീപനി എന്ന മുനിയുടെ ആജ്ഞ പ്രകാരം വിറക് ശേഖരിക്കാൻ പോയപ്പോൾ നടന്ന കാര്യങ്ങൾ ആണ് കൃഷ്ണന്റെ ഓർമ്മകളായി പ്രത്യേകിച്ച് പറയുന്നത്. ഗുരുപതനിയുടെ ആജ്ഞ പ്രകാരം വിറക് ഒടിക്കാൻ കാട്ടിലേക്ക് പോയി. അവിടെ നിന്ന് എല്ലാവരും പല വഴിക്ക് പിരിഞ്ഞ് വിറക് ശേഖരണം തുടങ്ങി. പക്ഷെ അപ്രതീക്ഷിതമായി കൊടുങ്കാറ്റും മഴയും വന്നു. അപ്പോൾ തന്നെ പലദിക്കിലായി പിരിഞ്ഞ അവർ ഒത്തുകൂടി കൈകോർത്ത് ഒരു ഗുഹയ്ക്ക് ഉള്ളിൽ ഒരുമിച്ച് ഇരുന്നു. അപ്പോഴേക്കും സൂര്യൻ അസ്തമിച്ചിരുന്നു. ഇരുട്ടായത് കൊണ്ട് ആരും തിരിച്ചു പോയില്ല. അവരെ കാണാഞ്ഞിട്ടു ഗുരു തന്റെ പതിയോട് കോപിച്ചു, പുലർച്ചെതന്നെ തിരഞ്ഞ് ഇറങ്ങി. അങ്ങനെ സൂര്യന്റെ വെളിച്ചം വന്നപ്പോൾ അവർ തിരിച്ചു നടന്നു. ഗുരുവിനെ കണ്ട സന്തോഷത്തിൻ അണെങ്കിലും നല്ല ഭയവും ഉണ്ടായിരുന്നു. ഓടിച്ചെന്ന് കാലിൽ വീണപ്പോൾ ഗുരു സന്തോഷത്തോടെ അവരെ അനുഗ്രഹിച്ചു. ഇതൊക്കയാണ് കൃഷ്ണന്റെ ഓർമ്മകൾ. അതിൽ അവസാനം ഗുരുവിൻറെ മഹിമയെ പറ്റിയും അവർ പറയുന്നു. നമ്മുടെ ജീവിതത്തിൽ ഏറ്റവും വലിയ നന്മയും അനുഗ്രഹവും പുണ്യവും ഒന്നേയുള്ളു അത് ഗുരുവിന്റെ അനുഗ്രഹമാണ്. അത് കൂടാതെ ജയാജന്മസാഫല്യം ഉണ്ടാകില്ല എന്ന വലിയ സത്യവും നമ്മെ ഓർമ്മിപ്പിക്കുകയാണ് കവി രാമപുരത്ത് വാര്യർ.

**ശ്രീഗയ കെ - VIII D**

# മാറും ഋതുക്കൾ

പെണ്ണെന്ന വാക്യം മൊഴിഞ്ഞാൽ
നയനങ്ങൾ പൂട്ടുന്ന മാനം
കരിമേലങ്ങൾ മൂടിയ മാനം
ഇക്കാലമത്രയും ജീവൻ ത്യജിച്ചിട്ട്
പുതുകാലം മായിച്ച കരിനിഴൽ
പൂർണ്ണമായി മാനം തെളിഞ്ഞില്ല
ഒരു നൂറു ആശയായി ഭുവിൽ പിറക്കുന്ന
കുഞ്ഞു കുസുമങ്ങളാണവർ സ്ത്രീകൾ
ഒരു കുഞ്ഞു തളിരില വന്നു പിന്നെ
കുഞ്ഞു മൊട്ടുകൾ ചൊരിഞ്ഞു
നയനത്തിനാനന്ദമായി
അതിനിടയിൽ ഒരു കുഞ്ഞു സാത്താൻ
മൊട്ടുകൾ കീറി മുറിച്ചു
വണ്ടുകളില്ലാ പതംഗങ്ങളില്ലാ
ശൂന്യമായി ജീവിതം മാറി
ഇതുതന്നെയാണീ ലോക യാഥാർത്ഥ്യം
പുഞ്ചിരി തൂകും കുഞ്ഞുമനസ്സിനെ
പിച്ചിച്ചീന്തുന്ന ലോകമേ
എന്തു വികസനം എന്തു വികസനം
ക്രൂരമനസ്സിന്നെന്തു വികസനം
ഇതെന്തേ ഈ പെണ്ണിന് ദുർവിധി മാത്രം
ഇനിയെങ്കിലും മാറ്റം അനിവാര്യമാണ്
മാറ്റങ്ങളില്ലെങ്കിൽ ജീവിതമില്ല
കരിമേഘങ്ങൾ ഇപ്പോൾ തെളിഞ്ഞു
മാനം ചിരിക്കാൻ തുടങ്ങി
പെണ്ണെന്ന വാക്കിന് അർത്ഥമുണ്ടായി
ഇന്നൊരു ചിത്ര പതംഗത്തെപ്പോലെ
പാറി നടക്കുന്നു സ്ത്രീകൾ
പുതുനാമ്പുകൾ വിടരുന്നു
പുതുകാലം തലപൊക്കുന്നു
ചന്ദ്രനിൽ കാർകുന്തൽ വന്നു....
ചന്ദ്രനിൽ സ്ത്രീകൾ വരുന്നു
പണ്ടുകാലം തടങ്കലിൽ മനംനൊന്ത
പ്രാവുകൾ ദേശത്തിന്നലങ്കാരമായി
ഇനിയും പറക്കട്ടെ വാനോളം....
ഇനിയും പറക്കട്ടെ വാനോളം....

**ശിവത എ – IX D**

# മായാതെ നിൽക്ക നീ

ചില നേരമെങ്കിലും മായാതിരിക്കേണം
ഓമനേയെനിക്കു നിൻ മുഖം

ഉലയുന്ന തോണിയിൽ ചിതറുന്ന വഴികളിൽ
കരുത്തായി മാറണംനിൻ മുഖം

പേമാരി പെയ്തൊഴിഞ്ഞുള്ള നേരങ്ങളിൽ
ഭൂകമ്പമാകെ തകർത്തൊരീയുടലിൽ
വന്യമായ ഒഴുകണം എൻ ഞരമ്പുകളിൽ
നീയെന്നൊരോർമ്മ നീയെന്ന ചരിതം

നിറയുന്ന കണ്ണും വിങ്ങുന്ന മനസ്സും
വിതുമ്പുന്ന ചുണ്ടുമാണീ ഞാനെന്ന പെണ്ണ്

തിരികെ വരാതൊരാളാണെന്നറികിലും
അണയാതെസൂക്ഷിക്കും തിരിനാളമാണ് നീ

**ഖദീജ എം**

**HST SOCIAL SCIENCE**

# Through the window

Through the window, a world apart
A reflection of life, within my heart.
Panels of glass, framing the view
A glimpse of reality, both old and new.

Rays of sunlight, dance upon the floor
Shadows of memories, I adore.
The breeze whispers secrets, as leaves sway
A symphony of life, in an autumn day.

Outside, the world's vibrant, full of strife
Yet in my room, solitude is life.
The window's my bridge, to the world outside
A threshold to dreams, where loves resides.

Through the window, i watch the rain
Washing away fears, soothing my pain.
Droplets on glass, like tears from above
A melancholy lullaby, of endless love.

Through the window, i see it all
A reflection of life, standing tall.
A reminder to live, to love, to grow
A view of wonder, as the world does show.

**SREENANDA – IX D**

# हिन्दी भाषा और केरल




हिन्दी भारत की राजभाषा है और देश के कई हिस्सों में बोली जाती है। यह एक सुंदर और समृद्ध भाषा है, जिसमें अनेक साहित्यिक रचनाएँ हैं। हिन्दी भारत के उत्तर और मध्य राज्यों में अधिक प्रचलित है, लेकिन दक्षिण भारत में भी इसका महत्व बढ़ रहा है।

केरल भारत का एक सुंदर और सांस्कृतिक राज्य है, जो अपनी प्राकृतिक सुंदरता, मंदिरों और त्योहारों के लिए प्रसिद्ध है। केरल की मुख्य भाषा मलयालम है, लेकिन यहाँ कई लोग हिन्दी भी समझते और बोलते हैं। पर्यटन, व्यापार और फिल्मों के कारण केरल में हिन्दी का उपयोग बढ़ रहा है।

केरल में स्कूलों और कॉलेजों में हिन्दी एक विषय के रूप में पढ़ाई जाती है। हिन्दी फिल्मों और गीतों के कारण भी यहाँ के लोगों में हिन्दी की रुचि बढ़ी है। कई पर्यटक भी केरल आते हैं, जिससे लोग हिन्दी सीखकर बातचीत करना पसंद करते हैं।

इस प्रकार, हिन्दी भाषा और केरल के बीच एक गहरा संबंध बन रहा है। हिन्दी पूरे देश को जोड़ने वाली भाषा है, और केरल जैसे राज्य भी इसे अपनाकर देश की एकता को मजबूत कर रहे हैं।

**Mumthaz P P**
**HST Hindi**

# മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

എം മുകുന്ദൻ

എം മുകുന്ദൻ എഴുതിയ ഒരു നോവലാണ് മയ്യഴിപ്പുഴയുടെ തീരങ്ങളിൽ ആ തലക്കെട്ടിൽ നിന്നു തന്നെ നമുക്ക് ഈ നോവലിനെ മനസ്സിലേക്ക് ആവാഹിച്ചെടുക്കാം. മയ്യഴി എന്ന സ്ഥലമാണ് ഈ ഭാവനാകേളിക്ക് വേദിയാകുന്നത്. മയ്യഴിയുടെ ഹൃദയഭാഗത്ത് രക്തധമനികൾ പോലെ മയ്യഴിപ്പുഴ തന്റെ പ്രണയിനിയായ ജലത്തെ നെഞ്ചിലേറ്റി എവിടെയും ചിതറിപ്പോകാതെ തന്റെ കൂടെ കൊണ്ടുപോകുന്നു. ഗംഗ ഗംഗോത്രിയിൽ നിന്ന് ഉത്ഭവിക്കുന്നത് പോലെ കുറമ്പിയമ്മയിൽ നിന്നാണ് ഈ കഥ ഉത്ഭവിക്കുന്നത്. ഇടതടവില്ലാതെ ഒഴുകുന്നത് ദാസനിലൂടെയാണ്, കുറമ്പിയമ്മയുടെ കൊച്ചുമകനും ദാമു റൈറ്ററുടെയും കൗസുവമ്മയുടെയും മകനുമാണ് ദാസൻ. ഉത്തര കേരളത്തിലെ ഫ്രഞ്ച് അധീന പ്രദേശമായിരുന്നു മയ്യഴി. നാട്ടുകാർക്ക് ഓർമ്മവെച്ച നാൾ തൊട്ടേ ഇവിടെ ഫ്രഞ്ചുകൾ അടക്കി വാഴാൻ തുടങ്ങിയിരുന്നു. അതുകൊണ്ടുതന്നെ ഇന്നാട്ടുകാർക്ക് അവർക്കെതിരെ ഒരു പരാതിയുമുണ്ടായിരുന്നില്ല. വൈദ്യുത വീചി പോലുള്ള ഫ്രഞ്ചുകൾ മയ്യഴിക്കാരോട് ചേരുന്നില്ലെങ്കിലും അവർ പറയുന്ന എന്തും മയ്യഴിക്കാർ ചെയ്തു കൊടുക്കുമായിരുന്നു. ഈ നോവലിൽ അരിമണികളിൽ നെല്ലുകൾ ഉള്ളതു പോലെ ഫ്രഞ്ച് വാക്കുകൾ അങ്ങിങ്ങായി ചിതറിക്കിടക്കുന്നത് നമുക്ക് കാണാം. ലെസ്ലി സായിബ്, മൂപ്പൻ സായിബ് എന്നിങ്ങനെയുള്ള ഫ്രഞ്ച് കഥാപാത്രങ്ങൾ ഈ നോവലിൽ വില്ലൻമാരുടെ വേഷവും ഉദാരമനസ്കരുമായിത്തീർന്നിട്ടുണ്ട്. മധ്യ കാലഘട്ടത്തിലായിരുന്നു ദാസന്റെ ജനനം. ആ പിഞ്ചു ജീവൻ മയ്യഴിയിൽ ഒരു കൊടുങ്കാറ്റ് സൃഷ്ടിക്കുമെന്ന് ഒരു മനുഷ്യൻ പോലും കരുതിയിട്ടുണ്ടാവില്ല. കാലം ശതവേഗത്തിൽ കടന്നുപോകുന്നതോടൊപ്പം ദാസന്റെ പ്രായവും എന്ന് ഈ നോവലിൽ നാം കാണുന്നു. ദാസന്റെ ബാല്യം തൊട്ട് യൗവ്വനം വരെ ഈ നോവലിൽ പ്രതിഫലിച്ചിരിക്കുന്നു. മയ്യഴിയിലെ പഠനം പൂർത്തിയാക്കിയ ദാസനെ ഫ്രഞ്ചുകൾ തന്റെ നാട്ടിൽ നിന്നും പോണ്ടിച്ചേരിയിലേക്ക് ഉപരിപഠനത്തിനായി പറിച്ചുനടപ്പെട്ടു. പഠനം പൂർത്തിയായി ദാസൻ തന്റെ സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നപ്പോഴുണ്ടായ ആ സന്തോഷം നമുക്കിവിടെ ദർശിക്കാം. അപ്പോഴാണ് ദാസന്റെ ഹൃദയത്തിലേക്ക് അതിഥിയായി ഒരു ദിവ്യശക്തി എത്തിയത് പ്രണയം, അതൊരു അതുല്യ പ്രതിഭയാണ് എത്ര കടുകട്ടി മനസ്സും അവിടെ ഉലഞ്ഞു പോവും. ഈ സമയത്താണ് അപ്സരസ്സിനെപ്പോലെ സുന്ദരിയായ ദാസന്റെ പ്രണയിനിയായ ചന്ദ്രികയുടെ രംഗപ്രവേശം. അവർ രണ്ടുപേരും ആത്മാർത്ഥ പ്രണയത്തിലാഴ്ന്ന പോകുന്നു. ആരാരും കാണാത്ത ഒരു കാന്തികവലയം അവർപോലുമറിയാതെ അവിടെ ഉടലെടുക്കുന്നു. പക്ഷെ ദാസന്റെ ചിന്തകൾ തികച്ചും വ്യത്യസ്തമാണ്. കടൽപോലെ വേഗത്തിൽ പ്രക്ഷുബ്ധമാവുകയും ശാന്തമാവുകയും ചെയ്യും.

ആ സമയം ദാസന്റെ ചിന്തകൾ വഴിമാറി ഒഴുകാൻ തുടങ്ങി. തങ്ങൾക്കും സ്വാതന്ത്ര്യം വേണം എന്ന ദാസന്റെ നിശ്ചയദാർഢ്യത്തിനുള്ളിൽ ഫ്രഞ്ചുകൾ മുട്ടുമടക്കിയെങ്കിലും അതേറെ വൈകിയാണ്. ദാസൻ വിരലിലെണ്ണാവുന്ന കുറച്ച് പേരെയും ചേർത്ത് മൂപ്പൻ സായിബിനും പടകൾക്കുമെതിരെ സ്വാതന്ത്ര്യ സമരങ്ങൾ അഴിച്ചുവിട്ടു. സഹായസ്പർശമുള്ള ആ കണ്ണുകളിൽ തീജ്വാല പടരുന്നത് ഈ നോവലിൽ കാണുന്നു. നിലനിൽപ്പിനെ അത് ബാധിക്കും എന്ന് ഫ്രഞ്ചുകാർക്ക് മനസ്സിലായി. അവർ ദാസനെ ധാരാളം വർഷങ്ങൾ കാരാഗൃഹത്തിലടച്ചു. എന്നാലും ആ മനം എരിഞ്ഞുകൊണ്ടിരിക്കുന്ന കനലായി മാറി. ആ സമയത്തും തന്റെ പ്രണയിനിയെ സ്നേഹിക്കാൻ ദാസൻ മറന്നുപോയതേയില്ല. ഫ്രഞ്ചുകാരെ ദൈവത്തിനു തുല്യം കുറുമ്പിയമ്മ സ്നേഹിച്ചിരിക്കുന്നു. അതുപോലെ ചില നാട്ടുകാരും. അവർ സ്വാതന്ത്ര്യത്തെക്കാളേറെ ഫ്രഞ്ചുകാരെ സ്നേഹിച്ചിരുന്നു. അതിന്റെ കാരണം ആർക്കും തന്നെ അറിയില്ല. അവർക്കു മനസ്സിലാക്കിക്കൊടുക്കാൻ എത്ര ശ്രമിച്ചെങ്കിലും സാധിച്ചില്ല. കൂട്ടിലടച്ച തത്തയ്ക്കറിയും സ്വാതന്ത്ര്യത്തിന്റെ വില. ആ സമയം ഫ്രഞ്ചുകാരെ നാട്ടിലേക്ക് ശരവേഗത്തിൽ ഓടിച്ചു വിട്ടു. ദാസൻ കാരാഗൃഹവാസം അവസാനിപ്പിച്ചു. നാട്ടിലെ ശുദ്ധവായു ആസ്വദിച്ചു. ദാസന്റെ അച്ഛനും അമ്മയും ദാസനെ സ്വീകരിക്കാൻ തയ്യാറായില്ല. ഏതൊരു നിസ്വാർഥ പ്രണയത്തിനും ഒരു വില്ലനുണ്ടാകും, അവരുടെ ജീവിതത്തിലും ഒരു വില്ലനുണ്ടായി. ചന്ദ്രികയുടെ വീട്ടുകാർ അവളുടെ കല്ല്യാണ നിശ്ചയം നടത്താൻ തീരുമാനിച്ചു. അന്ന തൊട്ട് ചന്ദ്രികയെ ആരും കണ്ടില്ലാ എന്ന് മുകുന്തൻ പറയുന്നു. അവിടെ കടലിലെ ഒത്ത നടുക്ക് കണ്ണുനീർത്തുള്ളിപോലെ വെള്ളിയാങ്കല്ല് സ്ഥിതി ചെയ്യുന്നു. അവിടെയാണ് ദാസനും ചന്ദ്രികയും തങ്ങളുടെ പ്രണയം തിരയൊഴുക്കുന്നത്. പ്രണയം പലരുടെയും ജീവിതം തകർക്കാനും തളിർത്ത് പൂക്കാനും കാരണമാകും. പ്രണയം മൊട്ടിട്ട് പൂവ് വിരിയാൻ സമ്മതിക്കാതെ വീട്ടുകാർ തടഞ്ഞു. അത് വിരിയാൻ വെമ്പിയപ്പോഴേക്കും ചന്ദ്രിക ഈ ലോകത്തോട് വിട പറഞ്ഞു. ദാസൻ ചന്ദ്രികയെപ്പോലെ എങ്ങോട്ടെന്നില്ലാതെ വിദൂരദേശത്തേക്ക് നടന്നു പോയി. ചന്ദ്രിക അവർ രണ്ടുപേരും ഒന്നിച്ചിരിക്കുന്ന കടൽക്കരയിൽ നിന്നാണ് ആത്മഹത്യ ചെയ്തത്. ദാസൻ അവരുടെ ആത്മാക്കളെ ഒരുമിച്ചു ചേർക്കാൻ ആ സ്ഥലത്തുതന്നെ മരിച്ചു പോകുന്നു. അവർ വെള്ളിയാങ്കല്ലിൽ പാറിക്കളിക്കുന്ന തുമ്പികളാണെന്നാണ് അവിടുത്ത്കാരുടെ വിശ്വാസം. ആ പ്രണയം തുമ്പികളിലൂടെ എന്നും നിലനിൽക്കും എന്ന് മുകുന്ദൻ സൂചിപ്പിക്കുന്നു. ഈ നോവലിൽ സ്വാതന്ത്ര്യത്തിന്റെയും നിസ്വാർഥ പ്രണയത്തിന്റെയും വിശ്വാസത്തിന്റെയും മിശ്രിതമാണുള്ളത്.

**ശിവത എ – IX D**

# ഒരിക്കൽ കൂടി

വെറുതെയൊരാഗ്രഹം
ഇന്നിന്റെ പൊയ്മുഖം വലിച്ചെറിഞ്ഞ്
ഇന്നലയിലേക്ക് പോവാൻ
കരയാൻ വന്നാൽ കരയാനും
ചിരിക്കാൻ വന്നാൽ ചിരിക്കാനും കഴിയുന്ന
ആ പഴയ ബാല്യത്തിലെ മുഖമാവാൻ
കൂട്ടം കൂടി കണ്ണാടം പൊത്തികളിക്കാൻ
കമ്മ്യൂണിസ്റ്റ് പച്ചകൊണ്ട്
പേരെഴുതിവെച്ച കുറുമ്പു കാണിക്കാൻ
തമ്മിതല്ലിന്റെ സുഖമുള്ള നോവറിയാൻ
അങ്ങനെ അങ്ങനെ
ഇന്നലെയിലെ ഞാനാവാൻ വെറുതെയൊരാഗ്രഹം
മഴവെള്ള പാച്ചിലിൽ
ഒഴുക്കിവിട്ട കടലാസ് തോണി പ്പോലെ
ഒന്നുമോർക്കാതെ
ഒഴുകി ഒഴുകി പോവാൻ
നന്മയുടെ നറുമണം വിരിയുന്ന
അഭിനയിക്കാനറിയാത്ത
ആ നിഷ്കളങ്ക ബാല്ല്യമാവാൻ
വെറുതെയൊരു മോഹം

**Shini K V**
**HST Social Science**


# 'മുറിവ്'കൾ


അവളുടെ ആകാശത്തിന്..
അതിർത്തികൾ കല്പിച്ചവർ..
ജാലകത്തിലൂടെ
അരിച്ചിറങ്ങുന്ന
ഇത്തിരിവെട്ടം
കണ്ടാൽ മതിയെന്നും
ആകാശവെണ്മയോ
തെളിനിലാവോ
കാണേണ്ടതില്ലെന്നും
സ്വാതന്ത്ര്യത്തിന്റെ കാറ്റിനാൽ കുളിരേണ്ടതില്ലെന്നും
സ്വപ്നച്ചിറകേറി
കിളികളോടൊപ്പം പറക്കേണ്ടതില്ലെന്നും ചന്ദ്രബിംബത്തെ
തലയിലേറ്റാൻ നോക്കേണ്ടതില്ലെന്നും അവർ..
തിരസ്ക്കാരത്തിന്റെ മരുഭൂമിയിൽ
അലയേണമെന്നും
അവഗണനയുടെ
മഹാസമുദ്രത്തിൽ
നീന്തി നീന്തി തളരേണമെന്നും
പീഡനത്തിന്റെ,
മൃഗീയാശക്തികളുടെ
ഉപ്പുനീർ ചഷകങ്ങൾ
ചോരയും രേതസിനൊപ്പം
കുടിച്ച് തീർക്കേണ്ടവളെന്നും
ചിലർ....
അല്ലെങ്കിലും
'മുറിവൊ'ന്നു കൂടുതൽ..
അവൾക്കു മാത്രം..
കാതങ്ങൾക്കും
അതിർത്തികൾക്കും
ഗിരിനിരകൾക്കും
ഗോതമ്പുവയലുകൾക്കു-
മപ്പുറമെങ്കിലും...
സോദരിമാരേ..
നിങ്ങളെനിക്ക്
എന്തൊരു 'മുറിവാ'ണെന്നോ.?


(സമർപ്പണം: ലൈംഗിക അടിമകളായി പീഡിപ്പിക്കപ്പെടുന്ന
അഫ്ഗാൻ സ്ത്രീകൾക്ക്...)


**സുമ പ്രമോദ്**


# ചിത്രങ്ങളിലൂടെ.....





**മെഴുക്കെല്ലാം**
**വെടിഞ്ഞ് വെയിലത്ത്**
**ഇരുന്നുണങ്ങി മിനുങ്ങുന്ന**
**കഞ്ഞിക്കലവും**
**കറിച്ചട്ടികളും**
**അരികിലായ്**
**ചാഞ്ഞുകിടക്കും**
**ചിരട്ടത്തവികളും**




Adeena Jaswanth 9D



Sreediya EP 9B



Devananda P 9B



Sreeliya EP 9B

# പ്രകൃതിയെ സംരക്ഷിക്കാം

നമുക്ക് കിട്ടിയ വരദാനമാണ് പ്രകൃതി. പ്രകൃതി നമുക്ക് അമ്മയാണ്, സകല ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥ നിലകൊള്ളുന്നത് പ്രകൃതിയെ ആശ്രയിച്ചാണ്. പ്രകൃതിയാണ് നമ്മുടെ ജീവന്റെ ഉറവിടം.

പക്ഷേ നാം പല രീതിയിൽ പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രകൃതിയിലെ പല ജീവജാലങ്ങളെയും അവയുടെ ആവാസവ്യവസ്ഥയേയും നശിപ്പിച്ചുകൊണ്ടുള്ള രീതിയിലാണ് നമ്മൾ മനുഷ്യർ പ്രവർത്തിക്കുന്നത്. ഇത് മനുഷ്യരുടെ നിലനിൽപ്പിനും ആപത്താകും.

എല്ലാ ജീവജാലങ്ങളും ഒരുപോലെ ശ്വസിക്കുന്ന ജീവവായു പോലും വളരെ മലിനമായിക്കൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ അമിതമായ അനാവശ്യ ഉപയോഗങ്ങളാണ് ഇതിന് കാരണം. വാഹനങ്ങൾ ഉപയോഗിക്കുമ്പോഴും വ്യവസായസ്ഥാപനങ്ങൾ നിർമ്മിക്കുമ്പോഴും ഇവയിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ ശുദ്ധവായുവിനെ മലിനപ്പെടുത്തുന്നു.

മനുഷ്യൻ പ്രകൃതിയെ നശിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന പ്രധാന ആയുധമാണ് പ്ലാസ്റ്റിക്ക്. എവിടെയൊക്കെ പ്ലാസ്റ്റിക്ക് നിക്ഷേപിക്കാനുള്ള സൗകര്യം ഉണ്ടായാലും അത് ഉപയോഗിക്കാതെ മണ്ണിലേക്ക് വലിച്ചെറിയുന്നു. അത് മണ്ണിനെ മലിനമാക്കുകയും വർഷങ്ങളോളം അവിടെ ഉണ്ടാവുകയും ചെയ്യുന്നു. വായുപോലെ പ്രധാനപ്പെട്ട ഒന്നാണ് ജലം. പ്ലാസ്റ്റിക്കുകളും മാലിന്യങ്ങളും നിറച്ച് ജലത്തെയും മലിനമാക്കുന്നു. മനുഷ്യരുടെ ഇത്തരം പ്രവർത്തനങ്ങൾ ജീവികൾക്ക് വംശനാശം ഉണ്ടാക്കുന്നു. കെട്ടിടങ്ങൾ പണിതുയർത്തുന്നതിനായി കുന്നുകൾ നിരത്തുന്നു, വയലുകൾ നികത്തുന്നു, മരങ്ങൾ മുറിക്കുന്നു, പാറകൾ പൊട്ടിക്കുന്നു. ഇങ്ങനെയൊക്കെ മനുഷ്യർ പ്രകൃതിയെ ചൂഷണം ചെയ്യുന്നു.

പുതു തലമുറയ്ക്കു വേണ്ടി നാം പ്രകൃതിയെ സംരക്ഷിക്കാൻ പരിശ്രമിക്കണം.

**Cindrella P – VIII D**

# ഗാസയിലെ കുഞ്ഞുങ്ങൾ

ചിതറിത്തെറിച്ച
കുഞ്ഞുദേഹവുമായി വരുന്ന അച്ഛന്മാർ
അമ്മിഞ്ഞപ്പാലുണങ്ങാത്ത
ചുണ്ടുമായുറങ്ങുന്ന കുഞ്ഞിനെ മടിയിലിരുത്തി
ചലനമറ്റുപോയ അമ്മമാർ

ഭയങ്ങളുടെ തടവറയിൽ
പൂക്കൾ വിരിയില്ല
കുഞ്ഞുടുപ്പുകൾക്ക് നിറമുണ്ടാകില്ല
ചുറ്റിലും കറിഞ്ഞ നിറം
ചോരയുടെ മണം
സ്വപ്നങ്ങൾ വിരിയിക്കുന്ന ആകാശവും
കളിചിരികൾ ഉയരുന്ന സ്കൂൾ മുറ്റങ്ങളും
അടഞ്ഞുകിടക്കും
നിലവിളികളുയരുന്ന രാപ്പകലുകളും
മരണത്തിന്റെ പുകയുമായെത്തുന്ന കാറ്റും മാത്രം
തടവറയ്ക്ക് കാവൽ നിൽക്കും

ഒരിക്കലും മോചനമില്ലെന്ന് കരുതുമ്പോഴും
കുഞ്ഞുപൂമ്പാറ്റകൾ ഉയിരെടുത്ത് പറക്കുന്നതിനായി
ചിറക നീർത്തുകയും
സമാധിക്കുള്ളിൽ നിന്ന് തുടിക്കുകയും
ചെയ്യുന്നതിൽ നിന്നാണ്
ചുവന്ന സൂര്യൻ പിറവിയെടുക്കുന്നത്

**Vilasini TV**
**HST Malayalam**

# നന്ദി

**"കണിക"**

കൂട്ടായ്മയുടെ ഒരു കലാസൃഷ്ടിയാണ്.
ഈ ഡിജിറ്റൽ മാഗസീനിനു വേണ്ടി സഹകരിച്ച
എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**അഭിരാം എ പി**
**എഡിറ്റർ**